**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - പുനർവിന്യാസം - കാർഷിക വികസന കർഷകക്ഷേമ വകുപ്പിലെ ക്ലാർക്കായ ശ്രീമതി.ലക്ഷ്മി കെ.ആർ.-നെ കൊല്ലം ജില്ലയിലെ കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തിലെ നിലവിലുള്ള പുനർവിന്യാസ ഒഴിവിലേക്ക് നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

................................................................................................................................................

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.971/2017/തസ്വഭവ** **തിരുവനന്തപുരം, തീയതി, 30.03.2017.**

................................................................................................................................................

പരാമർശം:
1) സ.ഉ.(സാധാ) നം.757/16/കൃഷി തീയതി 03.09.2016.
2) ശ്രീമതി ലക്ഷ്മി കെ.ആർ. സമർപ്പിച്ച നിവേദനം.
3) 17.10.2016-ലെ ശ്രീ.വിപിൻ തങ്കപ്പൻ സമർപ്പിച്ച നിവേദനം.
4) 25.10.2016 തീയതിയിലെ ഗ്രാമവികസന കമ്മീഷണറുടെ 5679/എസ്റ്റാ.സി3/11/സിആർഡി (3) നമ്പർ കത്ത്.
5) സ.ഉ.(പി) 187/2000/തസ്വഭവ തീയതി 04.07.2000

**ഉത്തരവ്**

കൊല്ലം ജില്ലയിലെ കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തിലെ പുനർവിന്യാസ ഒഴിവിലേക്ക് നിയമനം ആവശ്യപ്പെട്ടുകൊണ്ട് ശ്രീമതി ലക്ഷ്മി കെ.ആർ.-ഉം ശ്രീ.വിപിൻ തങ്കപ്പനും യഥാക്രമം പരാമർശം (2), (3) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ടി പഞ്ചായത്തിൽ നിലവിൽ പുനർവിന്യാസ ഒഴിവുള്ളതായി പരാമർശം (4) മുഖേന ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തിരുന്നു.

2) ഒരു തസ്തികയിലേക്ക് ഒന്നിൽ കൂടുതൽ വ്യക്തികൾ നിയമനം ആവശ്യപ്പെട്ടാൽ സർവ്വീസിൽ സീനിയർ ആയ വ്യക്തിക്കാണ് നിയമനം നൽകേണ്ടതെന്ന് പരാമർശം (5)-ലെ സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്.

3) മേൽ സാഹചര്യത്തിൽ പ്രസ്തുത ഒഴിവിലേയ്ക്ക് നിയമനം ആവശ്യപ്പെട്ട അപേക്ഷകരിൽ, സർവ്വീസിൽ സീനിയർ ആയ കാർഷിക വികസന കർഷകക്ഷേമ വകുപ്പിലെ ക്ലാർക്കായ ശ്രീമതി.ലക്ഷ്മി കെ.ആർ.-നെ പരാമർശം (4)-ലെ ഗ്രാമവികസന കമ്മീഷണറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൊല്ലം ജില്ലയിലെ കൊട്ടാരക്കര ബ്ലോക്കിലെ നിലവിലുള്ള പുനർവിന്യാസ ഒഴിവിലേക്ക് നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**ജയശ്രീ എം.**
**അണ്ടർ സെക്രട്ടറി**

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത്, കൊല്ലം.

ശ്രീമതി.ലക്ഷ്മി കെ.ആർ., ക്ലാർക്ക്, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്. (വകുപ്പ മേധാവി മുഖേന).
ശ്രീ.വിപിൻ തങ്കപ്പൻ, അഴുത ബ്ലോക്ക് പഞ്ചായത്ത്, ഇടുക്കി (വകുപ്പ മേധാവി മുഖേന).
കൃഷി വകുപ്പ്
ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ)ഡിപ്പാർട്ട്മെന്റ്.
(ഗവ.വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Beena

സെക്ഷൻ ഓഫീസർ